## പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## നാല്പത്തിയെട്ടാമത് റിപ്പോർട്ട്

(2015 ഡിസംബർ 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## [സമിതി (2006-08)യുടെ പതിനേഴാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

**നാല്പത്തിയെട്ടാമത് റിപ്പോർട്ട്**

(2015 ഡിസംബർ 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2006-08)യുടെ പതിനേഴാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

**[സമിതി (2006-08)യുടെ പതിനേഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]**

104/2016.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ | .. | 8 |
| അനുബന്ധം II : സംസ്ഥാന പെർഫോമൻസ് ഓഡിറ്റിന്റെ അന്വേഷണ റിപ്പോർട്ടും ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും | .. | 9 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-16)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം നാല്പത്തിയെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2006-08)യുടെ പതിനേഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2015 ഡിസംബർ 3-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

# റിപ്പോർട്ട്

പാലക്കാട് ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)യുടെ 17-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2006-08)യുടെ 17-ാമത് റിപ്പോർട്ട് 2008 ജൂൺ മാസം 26-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 5 ശിപാർശകളാണ് ഉള്ളത്. പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് സർക്കാർ നൽകിയ മറുപടി 20-11-2013, 27-8-2014, 14-1-2015 എന്നീ തീയതികളിലെ യോഗത്തിൽ സമിതി പരിഗണിക്കുകയും തൃപ്തികരമല്ലാത്ത മറുപടികളിന്മേൽ അധികവിവരം ആരായുകയും ചെയ്തു.

റിപ്പോർട്ടിലെ ശിപാർശ ഖണ്ഡികകൾ, ലഭിച്ച മറുപടി, സമിതി ആവശ്യപ്പെട്ട അധികവിവരം, തുടർശിപാർശ എന്നിവ അദ്ധ്യായം I-ൽ ചേർത്തിരിക്കുന്നു. സമിതി ആരാഞ്ഞ അധികവിവരങ്ങൾക്ക് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ഖണ്ഡികകൾ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു. 20-11-2013-ലെ സമിതിയോഗത്തിന്റെ നിർദ്ദേശാനുസരണം ജില്ലാ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഹെഡ്ക്വാർട്ടേഴ്സ് ടീം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ടും ആയതിന്മേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

## അദ്ധ്യായം I

## സമിതിയുടെ ശിപാർശയും ശിപാർശയിന്മേലുള്ള സർക്കാരിന്റെ മറുപടിയും തുടർന്ന് സമിതി ആവശ്യപ്പെട്ട അധികവിവരവും അവയുടെ മറുപടിയും തുടർശിപാർശയും

### ഖണ്ഡിക നമ്പർ 11

1.1.1 ശ്രീമതി ലളിതാ ടി. ഡേവിഡിന്റെ ബാദ്ധ്യത 26,086 രൂപയായി നിശ്ചയിച്ചുകൊണ്ട് 2005 മാർച്ച് 30-ാം തീയതി ഗവൺമെന്റിൽ നിന്നും അറിയിപ്പ ലഭിച്ചിട്ടും പഞ്ചായത്തിനു ലഭിക്കേണ്ട തുക കൃഷി വകുപ്പ് ഈടാക്കി അടയ്ക്കും എന്ന ധാരണയോടുകൂടി തികച്ചും ലാഘവ ബുദ്ധിയോടെ വിഷയം കൈകാര്യം ചെയ്ത ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിയെ സമിതി അപലപിക്കുന്നു. 8 മാസത്തോളം ഇക്കാര്യത്തിൽ മൗനം ദീക്ഷിച്ച പഞ്ചായത്ത് സമിതി, ഈ വിഷയം 23-11-2005-ന് നിയമസഭാ സമിതി പരിശോധിച്ചതിനുശേഷം മാത്രമാണ് അതായത് 30-11-2005-നാണ് രജിസ്റ്റേർഡ് നോട്ടീസ് ബാദ്ധ്യസ്ഥന് അയച്ചിട്ടുള്ളത്. പഞ്ചായത്തിനുണ്ടായ നഷ്ടം

ഉത്തരവാദിയായവരിൽ നിന്നും ഈടാക്കുന്നതിന് അലംഭാവം കാണിച്ച പഞ്ചായത്ത് സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കണമെന്നും സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.1.2 തുക ഈടാക്കുന്നതിൽ വന്നിട്ടുള്ള കാലതാമസം ബോധപൂർവ്വമല്ലാത്തതിനാൽ ഇക്കാര്യത്തിൽ വന്നിട്ടുള്ള വീഴ്ച മാപ്പാക്കി തുടർ നടപടി ഒഴിവാക്കണമെന്നും മേലിൽ ഇക്കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണെന്നും ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 26-8-2008 തീയതിയിലെ III(2)-ാം നമ്പർ തീരുമാനപ്രകാരം ബന്ധപ്പെട്ടവരോട് അപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ തുക ഈടാക്കുന്നതിന് ആർ.ആർ. നടപടി സ്വീകരിച്ചിട്ടുള്ളതാണെന്ന് ബോധിപ്പിക്കുന്നു. ആയതിനാൽ മറുപടി സ്വീകരിച്ച് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട്

1.1.3 സമിതി നിർദ്ദേശ പ്രകാരം സെക്രട്ടറിക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല

സമിതി ആരാഞ്ഞ അധികവിവരം

1.1.4 ഉത്തരവാദിയായ സെക്രട്ടറിക്കെതിരെ നടപടി സ്വീകരിച്ചതിനുശേഷം സമിതിക്ക് റിപ്പോർട്ട് നൽകുക.

പ്രസ്തുത ഖണ്ഡികയിന്മേൽ ജില്ലാ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഹെഡ്ക്വാർട്ടേഴ്സ് ടീം നടത്തിയ അന്വേഷണ റിപ്പോർട്ടി(അനുബന്ധം II ആയി ചേർക്കുന്നു)മേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

1.1.5 'നഷ്ടം ഈടാക്കുന്നതിൽ അലംഭാവം കാണിച്ച സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കണമെന്ന ശിപാർശയിന്മേൽ ജില്ലാ പഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല എന്ന കണ്ടെത്തൽ ശരിയാണെന്ന് 8-10-2013-ന് ജില്ലാ പഞ്ചായത്തിൽ വച്ച് നടത്തിയ പ്രാദേശിക പരിശോധനയിൽ ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്.'

തുടർശിപാർശ

**1.1.6 നഷ്ടം ഈടാക്കാൻ അലംഭാവം കാണിച്ച സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കുകയും തുക ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 17

1.2.1 പാലക്കാട് ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച് അതീവ ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങളാണ് ഉണ്ടായിട്ടുള്ളതെങ്കിലും അതിന്മേൽ തുടർനടപടികൾ സ്വീകരിക്കുവാനോ ഇതു സംബന്ധിച്ച് അന്വേഷണം നടത്തുവാനോ തദ്ദേശസ്വയംഭരണ വകുപ്പ് ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടില്ലെന്നാണ് സമിതി മനസ്സിലാക്കുന്നത്. ആയതിനാൽ പാലക്കാട് ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിന്മേൽ വിശദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.2.2 നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കുന്നതിൽ ബോധപൂർവ്വം കാലതാമസം വരുത്തിയതല്ലെന്നും ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ ആയത് മാപ്പാക്കി തുടർനടപടി സ്വീകരിക്കുന്നത് ഒഴിവാക്കണമെന്നും ജില്ലാ പഞ്ചായത്ത് സമിതിയുടെ 26-8-2008 തീയതിയിലെ III (2)-ാം നമ്പർ തീരുമാനത്തിലൂടെ അപേക്ഷിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിലും മേൽ നടപടികൾ ഒഴിവാക്കി തരുന്നതിനും പരാമർശം ഒഴിവാക്കി തരുന്നതിനും അഭ്യർത്ഥിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട്

1.2.3 സമിതി ശിപാർശ പ്രകാരം ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച അതീവ ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങളിന്മേൽ വിശദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചു കാണുന്നില്ല.

സമിതി ആരാഞ്ഞ അധികവിവരം

1.2.4 സമിതി നിർദ്ദേശ പ്രകാരമുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുക.

പ്രസ്തുത ഖണ്ഡികയിന്മേൽ ജില്ലാ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഹെഡ്ക്വാർട്ടേഴ്സ് ടീം നടത്തിയ അന്വേഷണ റിപ്പോർട്ടി(അനുബന്ധം II ആയി ചേർക്കുന്നു)ന്മേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

1.2.5 'നാളിതുവരെ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല എന്ന് കാണുന്നു.'

തുടർശിപാർശ

1.2.6 **കുറ്റക്കാർക്കെതിരെ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## അദ്ധ്യായം II

# സർക്കാരിന്റെ/ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും അവയുള്ള മറുപടികളും

## ഖണ്ഡിക നമ്പർ 10

### ശിപാർശ

2.1.1 പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥയും പാലക്കാട് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറുമായ ശ്രീമതി ലളിത ടി. ഡേവിഡിന്റെ ബാധ്യതയായ 26,086 രൂപ അവരിൽ നിന്നും അടിയന്തരമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവുവെയ്ക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദവിവരം സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.1.2 പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥയായിരുന്ന പാലക്കാട് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറായി റിട്ടയർ ചെയ്ത ശ്രീമതി ലളിത ടി. ഡേവിഡിൽ നിന്നും ബാദ്ധ്യതയായി നിശ്ചയിച്ച 26,086 രൂപ അവരിൽ നിന്നും ആർ. ആർ. നടപടി മുഖേന ഈടാക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർക്ക് 16-1-2006 തീയതിയിൽ ശിപാർശ ചെയ്തിരുന്നു. ആർ. ആർ. നടപടിക്കെതിരെ ശ്രീമതി ലളിത ടി. ഡേവിഡ് WP(C) 26277/08(സി) നമ്പർ പ്രകാരം ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസിൽ ബഹു. ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് നൽകിയിട്ടുണ്ട്. പലപ്രാവശ്യം ഈ കേസ് ലിസ്റ്റിൽ വരുകയും 7-4-2009 തീയതിക്ക് സ്റ്റേ ഉത്തരവ് 2 മാസത്തേക്കുകൂടി നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. കോടതി അവധി കഴിഞ്ഞ് 21-5-2009-ന് തുറന്നതിനുശേഷം ഈ കേസ് വീണ്ടും പരിഗണിക്കുന്നതിനായി വച്ചിട്ടുണ്ട് എന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട്

2.1.3 റവന്യൂ റിക്കവറി നടപടിക്കെതിരായി പ്രിൻസിപ്പൽ കൃഷി ഓഫീസറായിരുന്ന ശ്രീമതി ലളിത ടി. ഡേവിഡ് ബഹു. ഹൈക്കോടതിയിൽ WP(C) 26277/08(സി) നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്.

### സമിതി ആരാഞ്ഞ അധികവിവരം

2.1.4 സ്റ്റേ ഒഴിവാക്കാനുള്ള അടിയന്തര നടപടി സ്വീകരിച്ചതിനുശേഷം വിവരം അറിയിക്കുക.

പ്രസ്തുത ഖണ്ഡികയിന്മേൽ ജില്ലാ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഹെഡ്ക്വാർട്ടേഴ്സ് ടീം നടത്തിയ അന്വേഷണ റിപ്പോർട്ടി(അനുബന്ധം II ആയി ചേർക്കുന്നു)ന്മേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്.

2.1.5 'നിർവ്വഹണ ഉദ്യോഗസ്ഥയായ ശ്രീമതി ലളിതാ ടി. ഡേവിഡ് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 26277/08 (സി) കേസിന്റെ 5-3-2013-ലെ വിധിയനുസരിച്ച് 4-10-2013-ന് ശ്രീമതി ലളിതാ ടി. ഡേവിഡിനെ നേരിൽ കേൾക്കുകയും ജില്ലാ പഞ്ചായത്തിൽ വച്ച് പ്രാദേശിക പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. നേരിൽ കേട്ടതിന്റെയും പ്രാദേശിക പരിശോധനയുടേയും അടിസ്ഥാനത്തിൽ ശ്രീമതി ലളിതാ ടി. ഡേവിഡിൽ നിന്നും 26,086 രൂപ ഈടാക്കുന്നതിനുള്ള നടപടികൾ തുടരാവുന്നതാണെന്ന് പാലക്കാട് ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 21-10-2013-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്, എന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.'

<u>പ്രസ്തുത മറുപടിയിന്മേൽ സമിതിയുടെ തുടർനിർദ്ദേശം</u>

2.1.6 തുക ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നു ലഭിച്ച അധികവിവരങ്ങൾ</u>

2.1.7 പദ്ധതി നിർവ്വഹണോദ്യോഗസ്ഥയും പാലക്കാട് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറുമായിരുന്ന ശ്രീമതി ലളിതാ ടി. ഡേവിഡിന്റെ പേരിൽ ബാദ്ധ്യത ചുമത്തിയിരുന്ന തുകയായ 26,086 രൂപ 4-6-2014 തീയതിയിൽ 11408100092 നമ്പർ രസീത് പ്രകാരം ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയ വിവരം ബോധിപ്പിക്കുന്നു. ആയത് പരിഗണിച്ച് 1997-98 വർഷത്തെ പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിന്റെയും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008) 17-ാമത് റിപ്പോർട്ടിലേയും ടിയാളുടെ പേരിലുള്ള പരാമർശങ്ങൾ ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

2.1.8 26,086 രൂപ ഒടുക്കിയതുമായി ബന്ധപ്പെട്ട അസ്സൽ രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. 26,086 രൂപ ജില്ലാ പഞ്ചായത്തിന്റെ ട്രഷറിയിലുള്ള വി.പി.എഫ്.എ.-1 അക്കൗണ്ടിൽ 5-6-2014-ൽ വരവു വച്ചിട്ടുണ്ട്. ശ്രീമതി ലളിതാ ടി. ഡേവിഡ് തുക ഒടുക്കിയ സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു.

ഖണ്ഡിക നമ്പർ 15

ശിപാർശ

2.2.1 17-11-2003-ൽ 20,416 രൂപ ഈടാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽ നിന്നും അയച്ച കത്തിന്മേൽ 17-12-2005-ന് മാത്രമാണ് തുടർനടപടി സ്വീകരിച്ചത്. ഔദ്യോഗിക കൃത്യനിർവ്വഹണത്തിലുള്ള ഗുരുതരമായ വീഴ്ചയാണ് ഇതിൽ പ്രകടമാകുന്നതെന്നും ആയതിനാൽ ഇതു സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയിൽനിന്നും വിശദീകരണം ആവശ്യപ്പെടണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.2.2 പദ്ധതി നിർവ്വഹണോദ്യോഗസ്ഥനായിരുന്ന പാലക്കാട് ജില്ലാ ലേബർ ഓഫീസറിൽ നിന്നും 20,416 രൂപ ഈടാക്കുന്നതിന് വന്നിട്ടുള്ള കാലതാമസം മനഃപൂർവ്വമോ ബോധപൂർവ്വമോ വരുത്തിയതല്ലെന്നും വീഴ്ച മാപ്പാക്കി തുടർ നടപടികൾ ഒഴിവാക്കണമെന്നുമുള്ള പാലക്കാട് ജില്ലാ പഞ്ചായത്ത് സമിതിയുടെ അപേക്ഷ പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. തുക ഈടാക്കുന്നതിന് ആർ. ആർ. നടപടി സ്വീകരിച്ചിട്ടുള്ളതിനാലും ആയതിന്മേൽ നടപടി പുരോഗമിക്കുന്നതിനാലും പരാമർശം ഒഴിവാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട്

2.2.3 സമിതി നിർദ്ദേശത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് ജില്ലാ പഞ്ചായത്ത് നടപടി സ്വീകരിച്ചു കാണുന്നില്ല.

സമിതി ആരാഞ്ഞ അധികവിവരം

2.2.4 സമിതിയുടെ ശിപാർശ പാലിച്ചതിനുശേഷം റിപ്പോർട്ട് നൽകുക.

പ്രസ്തുത ഖണ്ഡികയിന്മേൽ ജില്ലാ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഹെഡ്ക്വാർട്ടേഴ്സ് ടീം നടത്തിയ അന്വേഷണ റിപ്പോർട്ടി(അനുബന്ധം II-ൽ നല്കിയിട്ടുണ്ട്)ന്മേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

2.2.5 'ഖണ്ഡികയിലെ പരാമർശം ഒഴിവാക്കാവുന്നതാണെന്ന ശിപാർശ അംഗീകരിക്കാവുന്നതാണ്.'

ഖണ്ഡിക നമ്പർ 16

ശിപാർശ

2.3.1 പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഈടാക്കുവാനുള്ള തുക പലിശ സഹിതം ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്നും ഇതിൽ വീഴ്ചവരുത്തിയാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത തുക പിഴപ്പലിശ സഹിതം ഈടാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.3.2 പദ്ധതി നിർവ്വഹണോദ്യോഗസ്ഥനായിരുന്ന പാലക്കാട് ജില്ലാ ലേബർ ഓഫീസറായി റിട്ടയർ ചെയ്ത ശ്രീ. വി. കെ. പുരുഷോത്തമനിൽ നിന്നും ബാദ്ധ്യതയായി നിശ്ചയിച്ച 20,416 രൂപ ആർ. ആർ. നടപടിയിലൂടെ ഈടാക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർക്ക് ഈ ആഫീസിൽ നിന്നും 13-1-2006 തീയതിയിൽ ശിപാർശ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നതായി 13-5-2009 തീയതിയിലെ കത്ത് പ്രകാരം പാലക്കാട് ആർ. ആർ. തഹസിൽദാർ അറിയിച്ചിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട്

2.3.3 സമിതി നിർദ്ദേശ പ്രകാരം ബാധ്യതയായ 20,416 രൂപ ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ട്. നിലവിലെ സ്ഥിതിവിവരം കളക്ടറേറ്റിൽ നിന്നും ലഭ്യമായിട്ടില്ല എന്നും ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

സമിതി ആരാഞ്ഞ അധികവിവരം

2.3.4 പ്രസ്തുത ശിപാർശയിലെ നിലവിലെ സ്ഥിതിയെക്കുറിച്ച് അറിയിക്കുക.

പ്രസ്തുത ഖണ്ഡികയിന്മേൽ ജില്ലാ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഹെഡ്ക്വോർട്ടേഴ്സ് ടീം നടത്തിയ അന്വേഷണ റിപ്പോർട്ടി(അനുബന്ധം II-ൽ ചേർത്തിരിക്കുന്നു)ന്മേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

2.3.5 'ഖണ്ഡികയിലെ പരാമർശം ഒഴിവാക്കാവുന്നതാണെന്ന ശിപാർശ അംഗീകരിക്കാവുന്നതാണ്.'

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനം/ശിപാർശ |
|---|---|---|---|
| 1 | 1.1.6 | തദ്ദേശസ്വയംഭരണ വകുപ്പ് (പാലക്കാട് ജില്ലാ പഞ്ചായത്ത്) | നഷ്ടം ഈടാക്കാൻ അലംഭാവം കാണിച്ച സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കുകയും തുക ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 1.2.6 | ,, | കുറ്റക്കാർക്കെതിരെ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

അനുബന്ധം II

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-08)യുടെ 17-ാമത് റിപ്പോർട്ടിലെ പാലക്കാട് ജില്ലാ പഞ്ചായത്തിനെ സംബന്ധിക്കുന്ന ഖണ്ഡികകളിന്മേൽ ജില്ലാ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഹെഡ്ക്വാർട്ടേഴ്സ് ടീം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട്

**ആമുഖം**

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-08)യുടെ 17-ാമത് റിപ്പോർട്ട്, പാലക്കാട് ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ചുള്ളവയായിരുന്നു. ലോക്കൽ ഫണ്ട്സ് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ (1996 മുതൽ 2002 വരെ) പരിശോധനയുടെ അടിസ്ഥാനത്തിലുള്ള പ്രസ്തുത റിപ്പോർട്ടിൽ സമിതി കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടതോ, തുടർ നടപടികൾ സംബന്ധിച്ച സർക്കാർതല അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെട്ടതോ ആയ ഖണ്ഡികകളിന്മേലാണ് ഈ അന്വേഷണം നടത്തിയിട്ടുള്ളത് (ഖണ്ഡികകൾ 10, 11, 15, 16, 17).

**അന്വേഷണ രീതി**

അന്വേഷണ സംഘം ജില്ലാ പഞ്ചായത്ത് സന്ദർശിച്ച്, ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നേരിൽ കേട്ടും, ബന്ധപ്പെട്ട് ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചുമാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഖണ്ഡിക 10

പാലക്കാട് ജില്ലാ പഞ്ചായത്തിൽ 1997-98 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം കാർഷിക മേഖലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ പേരിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ 55,82,000 രൂപ പഞ്ചായത്ത് രാജ് നിയമങ്ങൾ, ജനകീയാസൂത്രണ ചട്ടങ്ങൾ, കേരളാ ഫിനാൻഷ്യൽ കോഡ് തുടങ്ങിയവ പാടെ ലംഘിച്ചുകൊണ്ട് സ്വന്തം പേരിൽ ചെക്കുകളെഴുതി പിൻവലിക്കുകയുണ്ടായി. പദ്ധതി വർഷം അവസാനിക്കുന്നതിന് തൊട്ട് തലേദിവസം 29-6-1998-ൽ പണമാക്കി മാറ്റിയ ഈ തുകയുടെ ചെലവ് സംബന്ധമായ ശരിയായ രേഖകളൊന്നുംതന്നെ ലഭ്യമല്ല. ലോക്കൽ ബോഡിയിൽ നിന്നുള്ള തീരുമാനത്തിന്റെയും അധികാരപ്പെടുത്തൽ കത്തിന്റെയും പിൻബലമില്ലാതെ പണം പിൻവലിക്കുകയും 30-6-1998-ൽ പദ്ധതി വിഹിതം കൈവശം വച്ചുകൊണ്ട് പദ്ധതി ലക്ഷ്യം കൈവരിച്ചതായി സർക്കാരിനെ തെറ്റിദ്ധരിപ്പിക്കുകയും പണം ചെലവഴിച്ചതിന് ശരിയായ രേഖകൾ സൂക്ഷിക്കാതിരിക്കുകയും ചെയ്തു എന്നതാണ് ഓഡിറ്റ് പരാമർശം.

ഈ ഓഡിറ്റ് ഖണ്ഡികയിന്മേൽ ജില്ലാ പഞ്ചായത്തും സർക്കാരും സമിതിയിൽ സമർപ്പിച്ച റിപ്പോർട്ടിന്റെയും, തുടർ നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റിന്റെയും അടിസ്ഥാനത്തിൽ സമിതി താഴെപ്പറയുന്ന നിഗമനങ്ങളിലെത്തിച്ചേരുകയുണ്ടായി:

"പദ്ധതി നിർവ്വഹണോദ്യോഗസ്ഥയും പാലക്കാട് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറുമായിരുന്ന ശ്രീമതി ലളിതാ ടി. ഡേവിഡിന്റെ ബാദ്ധ്യതയായ 26,080 രൂപ അവരിൽ നിന്നും അടിയന്തരമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവുവെയ്ക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദവിവരം സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു."

പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ വിശദമായി പരിശോധിച്ചതിൽ സമിതി നിരീക്ഷിച്ചതുപോലെ 30-3-2005-ൽ ശ്രീമതി ലളിതാ ടി. ഡോവിഡിൽ നിന്നും 26,080 രൂപ ഈടാക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിൽ നിന്നും ജില്ലാ പഞ്ചായത്തിന് നല്കിയിരുന്നെങ്കിലും ഏതാണ്ട് എട്ട് മാസത്തോളം നടപടിയൊന്നും സ്വീകരിക്കാതിരിക്കുകയും സമിതി 23-11-2005-ന് വീണ്ടും ഈ വിഷയം പരിശോധിച്ചതിനുശേഷം 30-11-2005-ൽ മാത്രമാണ് ബാധ്യതാകാരിക്ക് രജി. നോട്ടീസ് നല്കിയിട്ടുള്ളത്. ബാധ്യത നിശ്ചയിച്ച് ജില്ലാ പഞ്ചായത്ത് കത്ത് നല്കുന്നതിനുമുമ്പുതന്നെ ബാധ്യതാകാരി സർവ്വീസിൽ നിന്നും വിരമിക്കുകയും തുടർന്ന് ബാധ്യത ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടി വന്നു. പ്രസ്തുത റിക്കവറി നടപടികൾക്കെതിരെ ശ്രീമതി ലളിത ടി. ഡേവിഡ് WP(C) No. 26277/2008(c) പ്രകാരം ബഹു. ഹൈക്കോടതിയെ സമീപിക്കുകയും റവന്യൂ റിക്കവറി നടപടികൾക്ക് സ്റ്റേ സമ്പാദിക്കുകയും ചെയ്തു. പ്രസ്തുത കേസ് 5-3-2013-ൽ ബഹു. ഹൈക്കോടതി അന്തിമമായി തീർപ്പാക്കുകയുണ്ടായി. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 10-4-2003-ൽ പുറപ്പെടുവിച്ച സർചാർജ്ജ് സർട്ടിഫിക്കറ്റും, റവന്യൂ റിക്കവറി നോട്ടീസും അസ്ഥിരപ്പെടുത്തുകയും പരാതിക്കാരിക്ക് പറയാനുള്ളത് കേൾക്കാൻ അവസരം നല്കിക്കൊണ്ട്, സർചാർജ്ജ് നടപടികൾ പുതുതായി ആരംഭിക്കാനും പുനഃപരിശോധനയിൽ പരാതിക്കാരിയുടെ ബാധ്യത നിലനില്ക്കുന്നതായി വീണ്ടും തെളിഞ്ഞാൽ മാത്രം റിക്കവറി നടപടികൾ പുതുതായി ആരംഭിക്കുവാനും, നിർദ്ദേശം നല്കുന്നതുമാണ് പ്രസ്തുത ഉത്തരവ്.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് പാലക്കാട് ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, 16-8-2013-ലെ 14128/Sp. Cell/(CSC)/D3/13 നമ്പർ കത്ത് മുഖാന്തിരം നിർദ്ദേശം നല്കിയിട്ടുണ്ട്. പാലക്കാട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പ്രസ്തുത പുനഃപരിശോധന തീർപ്പാക്കുന്നതിന്റെമുറയ്ക്ക് മാത്രമേ ആവശ്യമെങ്കിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

<u>ശിപാർശ</u>

1. ബാധ്യത നിശ്ചയിച്ച് സർക്കാരിൽ നിന്നും കത്ത് ലഭിച്ചതിനുശേഷം പ്രസ്തുത തുക ഈടാക്കുന്നതിന് ജില്ലാ പഞ്ചായത്ത് അകാരണമായ കാലതാമസം വരുത്തി. ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഇതു സംബന്ധിച്ച് യാതൊരു വിശദീകരണവും പ്രസ്തുത ഫയലിൽ കാണാനില്ല.

2. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് വിഷയം പുനഃപരിശോധിച്ച് ബാധ്യത നിലനില്ക്കുന്നതായി കാണുന്നുവെങ്കിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കേണ്ടതുള്ളൂ. പുനഃപരിശോധന സമയബന്ധിതമായി തീർപ്പാക്കാൻ പാലക്കാട് സീനിയർ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നല്കാവുന്നതാണ്.

<u>ഖണ്ഡിക 11</u>

മേൽ ഖണ്ഡികയിലെ ഓഡിറ്റ് പരാമർശത്തിലെ ശ്രീമതി ലളിത ടി. ഡേവിഡിന്റെ ബാധ്യത 26,086 രൂപയായി നിശ്ചയിച്ചുകൊണ്ട് 2005 മാർച്ച് 30-ന് ഗവൺമെന്റിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടും ജില്ലാ പഞ്ചായത്ത് പ്രസ്തുത തുക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. 23-11-2005-ന് ടി വിഷയം നിയമസഭാ സമിതി വീണ്ടും പരിശോധിച്ചതിനുശേഷമാണ് 30-11-2005-ൽ ബാധ്യതാകാരിക്ക് നോട്ടീസ് നല്കിയത്. <u>നഷ്ടം ഉത്തരവാദിയിൽ നിന്നും ഈടാക്കുന്നതിൽ അലംഭാവം കാണിച്ച സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കണമെന്നും, സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കണമെന്നുമാണ് സമിതിയുടെ ശിപാർശ.</u>

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, ബാധ്യതാകാരിയിൽ നിന്നും നഷ്ടം ഈടാക്കാൻ ഉത്തരവാദപ്പെട്ടിരുന്ന 2005-06 കാലഘട്ടത്തിലെ സെക്രട്ടറി (ഡോ. എൽ. സനൽ കുമാർ 31-5-2006-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. ഈപ്പോഴത്തെ മേൽ വിലാസം "നിശാഗന്ധി, കല്പതാട്ട്, കുന്നത്തുകാൽ, കാരക്കോണം പി. ഒ., തിരുവനന്തപുരം")-യിൽ നിന്നും ഇതു സംബന്ധിച്ച യാതൊരു വിശദീകരണവും തേടിയിട്ടില്ലെന്നും പ്രസ്തുത ഉദ്യോഗസ്ഥന് ഇതു സംബന്ധിച്ച് യാതൊരുവിധമായ അറിയിപ്പും നല്കിയിട്ടില്ലെന്നും കാണാൻ കഴിഞ്ഞു. വൈകിയ വേളയിലെങ്കിലും, പ്രസ്തുത ഉദ്യോഗസ്ഥനിൽ നിന്നും അടിയന്തരമായി വിശദീകരണം തേടുവാൻ അന്വേഷണ സംഘം നിർദ്ദേശിച്ചുവെങ്കിലും, പഞ്ചായത്തിന്റെ ഭാഗത്തുനിന്നും നിഷേധാത്മകമായ സമീപനമാണ് ഉണ്ടായിട്ടുള്ളത്.

എന്നാൽ കാലതാമസം മനഃപ്പൂർവ്വമായുണ്ടായതല്ലെന്നും ബോധപൂർവ്വം വീഴ്ചയുണ്ടായിട്ടില്ലെന്നും സമിതി ശിപാർശ പ്രകാരമുള്ള നടപടികൾ ഒഴിവാക്കണമെന്നും പാലക്കാട് ജില്ലാ പഞ്ചായത്ത് 26-8-2008-ലെ III (2) നമ്പർ തീരുമാനപ്രകാരം സമിതിയോടപേക്ഷിച്ചുകൊണ്ട് പ്രമേയം പാസ്സാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഒരു വിശദീകരണം പോലും തേടാതെ ബോധപൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ല എന്ന

നിഗമനത്തിൽ എങ്ങനെ എത്തിച്ചേർന്നു എന്നത് വ്യക്തമല്ല. ആയതിനാൽ ബാധ്യത തിരികെ ഈടാക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കാതിരുന്ന സെക്രട്ടറിയുടെ നടപടി അംഗീകരിക്കാവുന്നതല്ല.

സമിതിയുടെ 11-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ഉത്തരവാദിയായ സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ ഈ അന്വേഷണം നടക്കുന്ന തീയതി വരെ ജില്ലാ പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് കാണുന്നതായി, സമിതി മുമ്പാകെ റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

ശിപാർശ

ഖണ്ഡിക 11-ലെ ശിപാർശയിന്മേൽ നടപടി സ്വീകരിക്കുവാൻ കാണിക്കുന്ന അലംഭാവംവെടിഞ്ഞ് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കുവാനും, ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സമയബന്ധിതമായി സ്വീകരിക്കാനും പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കർശന നിർദ്ദേശം സർക്കാർതലത്തിൽ നല്കാവുന്നതാണ്. പരമാവധി ഒരു മാസത്തിനകം നടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കുവാനും നിർദ്ദേശിക്കാവുന്നതാണ്.

ഖണ്ഡിക 15

പാലക്കാട് ജില്ലാ പഞ്ചായത്തിൽ ജില്ലാ ലേബർ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 1998 ജൂൺ മാസം നടപ്പിലാക്കിയ കർഷക-കാർഷിക തൊഴിലാളി ബോധവത്കരണ പരിപാടിയിൽ ധനദുർവിനിയോഗം നടന്നിട്ടുള്ളതായി ആഡിറ്റ് കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ ജില്ലാ ലേബർ ഓഫീസറായിരുന്ന ശ്രീ. വി. കെ. പുരുഷോത്തമനിൽ നിന്നും 20,416 രൂപ ഈടാക്കണമെന്നും സമിതി നിർദ്ദേശിക്കുകയുണ്ടായി. 28-11-2005-ലെ സമിതി യോഗത്തിൽ പ്രസ്തുത നിർദ്ദേശം ഉണ്ടായെങ്കിലും 17-12-2005-ൽ മാത്രമാണ് ബാധ്യതാകാരന് കത്തയച്ചതെന്നും പ്രസ്തുത കാലതാമസത്തിനുണ്ടായ കാരണം വിശദീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുകയുണ്ടായി.

പ്രസ്തുത വിഷയം പരിശോധിച്ചതിൽ, ജില്ലാ ലേബർ ഓഫീസിൽ നിന്നും ഹാജരാക്കിയ കത്തുകളിൽ നിന്നും രേഖകളിൽ നിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 3-4-2003-ലെ എൽ.എഫ്. 20410/Spl.Cell (SC3)/2001 നമ്പർ കത്ത് മുഖാന്തിരം സർചാർജ്ജ് നടപടിയിൽ നിന്നും ശ്രീ. വി. കെ. പുരുഷോത്തമനെ ഒഴിവാക്കിയിട്ടുള്ളതായി കാണുന്നു.

ശ്രീ. വി. കെ. പുരുഷോത്തമൻ, റിട്ട. ജില്ലാ ലേബർ ഓഫീസർ, ഇപ്പോൾ ഒരു വശം തളർന്ന് ശയ്യാവലംബിയാണെന്ന് കാണിച്ചുകൊണ്ട് ജില്ലാ ലേബർ ഓഫീസിൽ നിന്നും കത്ത് നല്കിയിരുന്നു. കൂടാതെ തന്റെ ഭാഗം വിശദമാക്കിക്കൊണ്ട് അദ്ദേഹം കത്ത് നല്കുകയും ചെയ്തിരുന്നു.

3-4-2003-ൽ തന്നെ സർചാർജ്ജ് നടപടികളിൽ നിന്നും ശ്രീ. പുരുഷോത്തമനെ ഒഴിവാക്കിയിരുന്നെങ്കിലും ടി വിവരം യഥാസമയം സമിതിയുടെ മുമ്പാകെ അറിയിക്കാത്തതിനാലാകാം 28-11-2005-ലെ യോഗത്തിൽ, ബാധ്യത തിരിച്ചു പിടിക്കുവാൻ സമിതി നിർദ്ദേശിച്ചത്.

സർചാർജ്ജ് നടപടികൾ ഒഴിവാക്കിയതിനാലും തുക തിരികെപിടിക്കേണ്ട സാഹചര്യം ഇനി ഇല്ലാത്തതിനാലും, നടപടി സ്വീകരിക്കുന്നതിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കുണ്ടായ വീഴ്ച മാപ്പാക്കാവുന്നതാണ്.

<u>ശിപാർശ</u>

റിട്ട. ലേബർ ഓഫീസർ ശ്രീ. വി. കെ. പുരുഷോത്തമനെതിരെയുള്ള സർചാർജ്ജ് നടപടികൾ ലോക്കൽ ഫണ്ട് ഡയറക്ടർ ഉപേക്ഷിച്ചിരിക്കുന്നതിനാൽ പ്രസ്തുത ഖണ്ഡിക ഉപേക്ഷിക്കാവുന്നതുമാണ്.

<u>ഖണ്ഡിക 16</u>

ഖണ്ഡിക 15-ലെ ഓഡിറ്റ് പരാമർശത്തിന്മേൽ സമിതിയുടെ നിർദ്ദേശം നടപ്പാക്കി ഈടാക്കുവാനുള്ള തുക ഈടാക്കാൻ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും ടി തുക പിഴപ്പലിശ സഹിതം ഈടാക്കി റിപ്പോർട്ട് ചെയ്യുവാനാണ് ഈ ഖണ്ഡികയിൽ നിർദ്ദേശിച്ചിരിക്കുന്നത്.

ഖണ്ഡിക 15-ലെ ബാധ്യതക്കാരനെതിരെയുള്ള സർചാർജ്ജ് നടപടികൾ ലോക്കൽ ഫണ്ട് ഡയറക്ടർ ഉപേക്ഷിച്ചതിനാൽ, തുടർനടപടികൾ സ്വീകരിക്കുന്നതിനുവന്ന കാലതാമസം മാപ്പാക്കാവുന്നതാണ്.

<u>ശിപാർശ</u>

ഖണ്ഡിക 16 പരാമർശത്തിനാധാരമായ സർചാർജ്ജ് നടപടികൾ ലോക്കൽ ഫണ്ട് ഡയറക്ടർ ഉപേക്ഷിച്ചതിനാൽ, കാലതാമസം വരുത്തിയെന്ന കുറ്റം മാപ്പാക്കി ടി ഖണ്ഡിക ഉപേക്ഷിക്കാവുന്നതാണ്.

<u>ഖണ്ഡിക 17</u>

പാലക്കാട് ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച് അതീവ ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങളുണ്ടായിട്ടും അതിന്മേൽ തുടർ നടപടികൾ സ്വീകരിക്കുവാനോ, അന്വേഷണം നടത്തുവാനോ തദ്ദേശസ്വയംഭരണ വകുപ്പ് ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടില്ലെന്നും സമിതി നിരീക്ഷിക്കുകയും പ്രസ്തുത പരാമർശങ്ങളിൽ വിശദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നുമാണ് മേൽ ഖണ്ഡികയിൽ സമിതി നിർദ്ദേശിച്ചിരിക്കുന്നത്.

മുമ്പ് വിശദമാക്കിയ 10, 11, 15, 16 എന്നീ ഖണ്ഡികകളിന്മേലുള്ള നടപടി സ്വീകരിക്കുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടില്ല

എന്നതാണ് ഈ ഖണ്ഡികയിൽ സൂചിപ്പിക്കുന്നത്. പ്രസ്തുത പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെക്കുറിച്ച് വിശദമായി അന്വേഷിക്കുകയും ഈ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

അവയുടെ സംക്ഷിപ്ത വിവരം താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | ഓഡിറ്റ് ഖണ്ഡിക | ഖണ്ഡിക/ശിപാർശ | അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുത |
|---|---|---|---|
| 1 | 10 | പ്രിൻസിപ്പൽ കൃഷി ഓഫീസറായിരുന്ന ശ്രീമതി ലളിത റ്റി. ഡേവിഡിൽ നിന്നും 26,086 രൂപ ഈടാക്കുന്നത് സംബന്ധിച്ച് | സർചാർജ്ജ് നടപടികൾ ബഹു. ഹൈക്കോടതി അസാധുവാക്കി. പരാതിക്കാരിയെ നേരിൽ കേട്ടുകൊണ്ട് സർചാർജ്ജ് നടപടികൾ വീണ്ടും ആരംഭിക്കുവാനും നിർദ്ദേശിച്ചിരിക്കുന്നു. പാലക്കാട് ഡെപ്യൂട്ടി ഡയറക്ടർ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കേണ്ടതുള്ളൂ. |
| 2 | 11 | ഖണ്ഡിക 10-ൽ കുടിശ്ശിക ഈടാക്കുന്നതിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി വരുത്തിയ വീഴ്ച സംബന്ധിച്ച് | ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ട്. ഒരു മാസ സമയപരിധിയിൽ ബന്ധപ്പെട്ട് ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം വാങ്ങി തുടർ നടപടികൾ സ്വീകരിക്കാൻ സർക്കാർ തലത്തിൽ നിർദ്ദേശം നല്കാം എന്ന ശിപാർശ സമിതി മുമ്പാകെ സമർപ്പിക്കുന്നു. |
| 3 | 15 | റിട്ട. ജില്ലാ ലേബർ ഓഫീസർ ശ്രീ. വി. കെ. പുരുഷോത്തമനിൽ നിന്നും സർചാർജ്ജ് തുകയായ 20,416 രൂപ ഈടാക്കുന്നതും സംബന്ധിച്ച് | സർചാർജ്ജ് നടപടി ഒഴിവാക്കിയതായി ലോക്കൽ ഫണ്ട് ഡയറക്ടറുടെ കത്തിൽ നിന്നും കാണുന്നു. ഖണ്ഡിക ഉപേക്ഷിക്കുവാൻ ശിപാർശ ചെയ്യാവുന്നതാണ്. |
| 4 | 16 | ഖണ്ഡിക 15-ലെ സർചാർജ്ജ് തുക ഈടാക്കുന്ന നടപടിയിൽ ജില്ലാ പഞ്ചായത്ത് വീഴ്ച വരുത്തിയ കാലതാമസം സംബന്ധിച്ച് | സർചാർജ്ജ് നടപടികൾ ഒഴിവാക്കിയ സാഹചര്യത്തിൽ നടപടികളിൽ വന്ന കാലതാമസം മാപ്പാക്കി ഖണ്ഡിക ഉപേക്ഷിക്കുവാൻ ശിപാർശ ചെയ്യാവുന്നതാണ്. |

മേൽ ഖണ്ഡികകളിൽ ഇനി അടിയന്തരമായി സർക്കാർ നടപടി സ്വീകരിക്കേണ്ടത് ഖണ്ഡിക 11-ൽ മാത്രമാണ്. 2005-06 കാലത്തെ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് വിശദീകരണം ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കാനും ഒരു മാസത്തിനകം റിപ്പോർട്ട് നല്കുവാനും ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നല്കാനുള്ള അനുവാദം സമിതി നല്കുന്നപക്ഷം പ്രസ്തുത ഖണ്ഡികകയിലെ ശിപാർശ സംബന്ധിച്ചും അന്തിമ മറുപടി സമിതിക്ക് കാലതാമസമില്ലാതെ നല്കുവാൻ കഴിയുന്നതാണ്.

പാലക്കാട് ജില്ലയെ സംബന്ധിക്കുന്ന മേൽ ഓഡിറ്റ് പരാമർശങ്ങളിന്മേൽ വിശദമായ അന്വേഷണം നടത്തിയതിനാലും പ്രസ്തുത ഖണ്ഡികകളിൽ തന്നെ ഖണ്ഡിക 11-ൽ മാത്രമേ തുടർ നടപടികൾ ശേഷിക്കുന്നതായി കാണുന്നുള്ളൂ എന്നതിനാലും അതിൽതന്നെ അന്വേഷണ സംഘത്തിന്റെ ശിപാർശ സമിതി അനുവദിക്കുന്നപക്ഷം സമയബന്ധിതമായി അന്തിമ മറുപടി നല്കാൻ കഴിയും എന്നതിനാലും തദ്ദേശസ്വയംഭരണ വകുപ്പ് ഓഡിറ്റ് ഖണ്ഡികകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന പരാമർശം നീക്കം ചെയ്യുവാൻ അപേക്ഷിക്കാവുന്നതാണ്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)യുടെ 17-ാമത് റിപ്പോർട്ടിലെ
പാലക്കാട് ജില്ലാ പഞ്ചായത്തിനെ സംബന്ധിക്കുന്ന ഖണ്ഡികകളിന്മേൽ
ജില്ലാ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സംസ്ഥാന
പെർഫോമൻസ് ഓഡിറ്റ് ഹെഡ്ക്വാർട്ടേഴ്സ് ടീം നടത്തിയ
അന്വേഷണ റിപ്പോർട്ടിന്മേലുള്ള
സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

(1) ഖണ്ഡിക 10

നിർവ്വഹണ ഉദ്യോഗസ്ഥയായ ശ്രീമതി ലളിതാ ടി. ഡേവിഡ് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 26277/08 (സി) കേസിന്റെ 5-3-2013-ലെ വിധിയനുസരിച്ച് 4-10-2013-ന് ശ്രീമതി ലളിതാ ടി. ഡേവിഡിനെ നേരിൽ കേൾക്കുകയും ജില്ലാ പഞ്ചായത്തിൽ വച്ച് പ്രാദേശിക പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. നേരിൽ കേട്ടതിന്റെയും പ്രാദേശിക പരിശോധനയുടേയും അടിസ്ഥാനത്തിൽ ശ്രീമതി ലളിതാ ടി. ഡേവിഡിൽ നിന്നും 26,086 രൂപ ഈടാക്കുന്നതിനുള്ള നടപടികൾ തുടരാവുന്നതാണെന്ന് പാലക്കാട് ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 21-10-2013-ലെ കത്തുപ്രകാരം അറിയിച്ചിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

(2) ഖണ്ഡിക 11

നഷ്ടം ഈടാക്കുന്നതിൽ അലംഭാവം കാണിച്ച സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കണമെന്ന ശിപാർശയിന്മേൽ ജില്ലാ പഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല എന്ന കണ്ടെത്തൽ ശരിയാണെന്ന് 8-10-2013-ന് ജില്ലാ പഞ്ചായത്തിൽ വച്ച് നടത്തിയ പ്രാദേശിക പരിശോധനയിൽ ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(3) ഖണ്ഡിക 15, 16

ഖണ്ഡികയിലെ പരാമർശം ഒഴിവാക്കാവുന്നതാണെന്ന ശിപാർശ അംഗീകരിക്കാവുന്നതാണ്.

(4) ഖണ്ഡിക 17

നാളിതുവരെ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല എന്ന് അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)

*ഡയറക്ടർ-ഇൻ-ചാർജ്.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.